**ക്രമപ്രശ്നം**

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) : സർ, ആരോപണം ഉന്നയിക്കാനുള്ള നടപടിയല്ല റൂൾ 50-ൽ പറയുന്നത്. പ്രമേയത്തിൽ വാദങ്ങളോ, അഭ്യൂഹങ്ങളോ വ്യാജോക്തികളോ, ആരോപണങ്ങളോ, അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലായെന്നുള്ളത് 52(v)-ൽ കൃത്യമായി പറയുന്നുണ്ട്. ഇതിൽ പരിപൂർണ്ണമായും ആരോപണമാണ്. ആരോപണമുന്നയിക്കാനുള്ളതല്ല റൂൾ 50. റൂൾ 50-ന് ഒരു പ്രത്യേക ഉദ്ദേശ്യമുണ്ട്. അടിയന്തര പ്രാധാന്യമുള്ള പ്രശ്നമെന്ന് പറയുന്നത് ആരോപണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതല്ല. ആരോപണം ഉന്നയിക്കാൻ നിരവധി വകുപ്പുകൾ ഇതിലുണ്ട്. നിരവധി വേദികളുണ്ട്. ..........(ബഹളം)........ ഞാൻ പറയട്ടെ.

<u>മി. സ്പീക്കർ</u> : പ്ലീസ്.... അദ്ദേഹം ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. അദ്ദേഹം പറയട്ടെ.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, അടിയന്തര പ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിലേയ്ക്ക് കടക്കുന്നില്ല. ആദ്യംതന്നെ പറഞ്ഞിരിക്കുന്നത് സംസ്ഥാനത്തെ ഒരു മന്ത്രിയും ഭരണകക്ഷിയിലെ ഒരു എം.എൽ.എ.-യും അടക്കം

എന്നാണ്. മന്ത്രി എന്നുപറയുന്ന വ്യക്തി ആലപ്പുഴയിലാണ്. എം.എൽ.എ. എന്നു പറയുന്നത് നിലമ്പൂരിലാണ്. ഏത് പ്രശ്നത്തിന്റെ മുകളിലാണ് ഇതിനൊരു ഏകീകരണമുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് കൊടുക്കുമ്പോൾ ചട്ടത്തിന് വിരുദ്ധമായി അടിയന്തര പ്രമേയം അനുവദിക്കാൻ പാടില്ലായെന്ന ശക്തമായ നിലപാട് എടുക്കണം. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ഈ ചെയറിലിരുന്നതാണ്. ആ സമയത്തൊക്കെ ഞങ്ങൾ കൊണ്ടുവന്ന അടിയന്തര പ്രമേയങ്ങളൊക്കെ അദ്ദേഹം വലിച്ചെറിഞ്ഞിട്ടുണ്ട്. കാരണം ചട്ടത്തിന് വിരുദ്ധമായിക്കഴിഞ്ഞാൽ അനുവദിക്കാൻ പാടില്ലാത്തതാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, അങ്ങനെയാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. എം. മാണിക്കെതിരായും സോളാറുമായി ബന്ധപ്പെട്ടും എത്രയോ ആരോപണങ്ങൾ അടിയന്തര പ്രമേയമായി കൊണ്ടുവന്ന കീഴ്വഴക്കം ഇവിടെ നിലവിലുണ്ട്. അത് ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറയുന്നത് ഒട്ടും ശരിയല്ല. മാത്രവുമല്ല, ഇതിനകത്ത് ഒരു വിഷയം മാത്രമേയുള്ളൂ. ഭൂമി കയ്യേറ്റം, അധികാര ദുർവിനിയോഗം, നിയമങ്ങൾ ലംഘിക്കുക, ചട്ടങ്ങൾ ലംഘിക്കുക, അത് മന്ത്രിയായിപ്പോയതുകൊണ്ട് ഇവിടെ അവതരിപ്പിക്കണ്ട എന്നുപറയുന്നത് അടിസ്ഥാനരഹിതമായ കാര്യമാണ്. അത്

അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഞങ്ങളുടെ അവകാശമാണ് അടിയന്തരപ്രമേയം അവതരിപ്പിക്കുകയെന്നത്. ഈ അടിയന്തരപ്രമേയം ഓർഡറിലാണ് എന്ന് അങ്ങേയ്ക്ക് തന്നെ അറിയാം. അതുകൊണ്ട് അങ്ങ് ഈ കാര്യത്തിൽ ഞങ്ങളെ സംരക്ഷിക്കണം, ഇത് ഞങ്ങളുടെ അവകാശമാണ്. റൂൾ 50 അനുവദിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിനുമുമ്പ് ശ്രീ. എ. കെ. ബാലൻ തന്നെ എത്രയോ തവണ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. അഴിമതി ആരോപണം ഉന്നയിച്ചിട്ടുണ്ട്. ശ്രീ. കെ. എം. മാണിയുമായി ബന്ധപ്പെട്ട് ബാർ കോഴ കേസ്സിൽ  അഴിമതി അരോപണം ഉന്നയിച്ചില്ലേ; സോളാറുമായി ബന്ധപ്പെട്ട് അഴിമതി ആരോപണം ഉന്നയിച്ചില്ലേ? ഈ കാര്യത്തിൽ മന്ത്രിയെ സംരക്ഷിക്കണമെങ്കിൽ സംരക്ഷിച്ചുകൊള്ളട്ടെ.

(മി. സ്പീക്കർ)

P.17.08.2017
DP-LD(1)
9.30-9.40